(ബി) ഒരു ഭക്ഷ്യ പദാർത്ഥമെന്ന നിലയിൽ കിഴങ്ങു വർഗ്ഗ കൃഷി വികസിപ്പിക്കുന്നതിന് സർക്കാരിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മരിച്ചീനി ഉത്പാദനം വളരെ കുറഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) ഉണ്ട്. കിഴങ്ങു വർഗ്ഗങ്ങൾക്കുണ്ടായ വിലക്കുറവും മറ്റ് നാണ്യ വിളകൾ കൃഷി ചെയ്യുന്നതാണ് കൂടുതൽ ആദായകരമാണെന്ന കർഷകരുടെ കണ്ടെത്തലുമാണ് കിഴങ്ങു കൃഷി കുറഞ്ഞു വരുന്നതിന് കാരണം. ജനങ്ങളുടെ ഭക്ഷണ രീതിയിലുണ്ടായ മാറ്റവും, കിഴങ്ങുവർഗ്ഗങ്ങൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങളുടെ കുറവും ഉല്പാദനം കുറയാൻ കാരണമായിട്ടുണ്ട്.

(ബി) കിഴങ്ങു വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൂറ് ശതമാനം കേന്ദ്ര സഹായമുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 25 സെന്റ് വീതമുള്ള 250 പ്രദർശന തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് തോട്ടമൊന്നിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വിത്ത്, വളം, സസ്യ സംരക്ഷണ മരുന്നുകൾ എന്നിവയ്ക്കായി ഈ തുക ചെലവഴിക്കാവുന്നതാണ്. കൂടാതെ കിറ്റ് ഒന്നിന് 200 രൂപ വില വരുന്നതും നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവയടങ്ങുന്നതുമായ 1200 മിനി കിറ്റുകൾ കർഷകർക്ക് നൽകുന്നതാണ്.

(സി) 1985-86 മുതൽ 1995-96 വരെയുള്ള കാലഘട്ടത്തിൽ മരിച്ചീനിയുടെ ഉത്പാദനം കുറഞ്ഞു വരുന്നതായി കണ്ടെത്തിയിരുന്നു. എന്നാൽ 1996-97 മുതൽ ഉല്പാദനം വർദ്ധിച്ചു വരുന്നതായി കാണുന്നു.

(ഡി) ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്.

28 (*88) മണ്ഡരിരോഗം

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരിരോഗം തടയുന്നതിനായി സംസ്ഥാന ഗവൺമെന്റ് ഇതുവരെ ചെലവഴിച്ച തുക എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും എന്തുതുകയാണ് ഈ ആവശ്യത്തിലേക്ക് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്;

(ഡി) ഇതുവരെ എന്തു തുക ലഭിച്ചു എന്നറിയിക്കുമോ;

(ഇ) പ്രതിരോധ നടപടികൾക്കായി ഉപയോഗിക്കുന്ന കീടനാശിനികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതു സംബന്ധമായി എന്തെങ്കിലും ആശങ്കകൾ ഉയർന്നിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) മണ്ഡരിരോഗം തടയുന്നതിനായി സംസ്ഥാന ഗവൺമെന്റ് ഇതുവരെ 19.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച് തുകയുടെ വിവരം ജില്ലകളിൽ നിന്നും ശേഖരിച്ചു വരുന്നു.

(സി) 100 കോടി രൂപ

(ഡി) 1999-2000 വർഷത്തിൽ ഒരു തുകയും ലഭിച്ചിട്ടില്ല.

(ഇ) (1) 0.1% വീര്യത്തിൽ ഡൈക്കോഫോൾ എന്ന രാസ മണ്ഡരി നാശിനി

(2) 2% വീര്യത്തിൽ വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം സോപ്പു ലായനിയിൽ കലർത്തിയത് ഇവയാണ് പ്രതിരോധ നടപടികൾക്ക് ഉപയോഗിക്കുന്നത്.

(എഫ്) ഇല്ല. പഞ്ചായത്തു തലത്തിൽ കർഷകർക്കും തെങ്ങുകയറ്റ തൊഴിലാളികൾക്കും പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

29 (*89) നികുതി വെട്ടിപ്പു തടയുന്നതിന് നടപടി

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എം.എ. തോമസ് :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പു തടയുന്നതിനും നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഈ രംഗത്തുണ്ടായ നേട്ടം വെളിപ്പെടുത്തുമോ;

(സി) നികുതി വെട്ടിപ്പു കണ്ടുപിടിക്കുന്നതിന് വില്പനനികുതി വകുപ്പിൽ പുതിയ സംവിധാനങ്ങൾ വല്ലതും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; വില്പനനികുതിയിനത്തിൽ എന്തു തുകയാണ് കുടിശ്ശികയായി കിട്ടുന്നത് ; ഇത് പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) വില്പനനികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ എന്തു തുക വീതം കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നികുതി വെട്ടിപ്പു തടയുന്നതിന് ഇന്റലിജൻസ് വിഭാഗവും, ഗവൺമെന്റ് വിഭാഗവും കടപരിശോധന, വാഹനപരിശോധന മുതലായവ കാര്യക്ഷമമായി നടത്തുന്നുണ്ട്. വില്പന നികുതിയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചരക്കുനീക്കം നിരീക്ഷിച്ച് നികുതിവെട്ടിപ്പ് തടയുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly